(ബി) പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിൻെറ നയവും പരിപാടിയും വിശദീകരിക്കാമോ?

ഉത്തരം

(എ) അൻപത്തിഏഴ്.

(ബി) നിലവിലുള്ള താലൂക്കുകളെ ഭരണപരമായ സൗകര്യവും വിസ്തീർണ്ണവും ജനസംഖ്യയും മറ്റും കണക്കിലെടുത്ത് ഘട്ടം ഘട്ടമായി പുനർവിഭജനം ചെയ്യുവാൻ ആലോചനയുണ്ട്.

ഭൂമി പതിച്ചു കിട്ടാൻ നടപടി

1038 [1656] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാവായിക്കുളം വില്ലേജിൽ സർവ്വേ 1301-ൽ 35 സെൻറ് ഭൂമി പതിച്ചു കിട്ടണമെന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറിൻെറ നമ്പർ 52501/എ2/78 ആർ. ഡി. പ്രകാരമുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത ഭൂമിയെ സംബന്ധിച്ചുള്ള പതിവ് റിക്കാർഡുകൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. കക്ഷി കമ്പോളവില ഒടുക്കുന്ന മുറയ്ക്ക് പട്ടയം പതിച്ചുകൊടുക്കുന്നതാണ്.

റാന്നി ആസ്ഥാനമാക്കി താലൂക്ക്

1039 [1657] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി ആസ്ഥാനമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടികൾ എടുക്കുന്ന അവസരത്തിൽ ഇതും പരിഗണിക്കുന്നതാണ്.

കൊല്ലം ജില്ലയിലെ ലാൻഡ് ബോർഡുകൾ

1040 [1658] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലാൻറ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മിച്ചഭൂമി കേസുകളിൽ ഈ ബോർഡ് തീർപ്പു കൽപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനിയും എത്ര കേസ്സുകൾ തീർപ്പു കൽപ്പിക്കാൻ ബാക്കിയുണ്ട് ;

(ഡി) ഓരോ താലൂക്കിലും തീർപ്പു കൽപ്പിച്ചതും തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ളതും എത്രയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ആറ് പാർട്ട് ടൈം താലൂക്ക് ലാൻഡ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 1979 ഫെബ്രുവരി 28-ാം തീയതി വരെ 2254 മിച്ചഭൂമി കേസുകളിൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ തീരുമാനമെടുത്തിട്ടുണ്ട്.

(സി) 20 കേസുകൾ.

(ഡി) താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

	തീർപ്പു കൽപ്പിച്ചവ	തീർപ്പു കൽപ്പിക്കാനുള്ളവ
കൊല്ലം	187	14
കരുനാഗപ്പള്ളി	122	..
പത്തനാപുരം	461	1
കൊട്ടാരക്കര	561	1
പത്തനംതിട്ട	530	1
കുന്നത്തൂർ	393	3
ആകെ	2254	20

സർവ്വെ പൂർത്തിയാക്കിയ താലൂക്കുകൾ

1041 [1659] ശ്രീ. എ. എൻ. യൂസഫ്:
,, പി. ശങ്കർ:
,, സി. എ. കുര്യൻ:
,, വി. കെ. രാജൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് എത്ര താലൂക്കുകളിൽ സർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ഓരോ പ്രദേശത്തും സർവ്വെ നടത്തിക്കഴിയുമ്പോൾ സർവ്വെക്കല്ല് ഇടാത്ത പതിവ് എന്നു മുതൽ നിർത്തലാക്കി; അപ്രകാരം തീരുമാനമെടുക്കാൻ ഉള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) സർവ്വെക്കല്ല് ഇടാത്തതിനാൽ ഭൂമി ഉടമസ്ഥൻമാർക്കും മറ്റും വസ്തുവിന്റെ അതിർത്തി നിശ്ചയിക്കുന്നതിൽ അനേകം തർക്കങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly